A1/73/2024/CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - ആലപ്പുഴ ജില്ലയിലെ കായംകുളം തോപ്പിൽ ഭാസി സ്മാരക നിർമ്മാണത്തിന്റെ പി.എം.സി. ആയി കേരള തീരദേശ വികസന കോർപ്പറേഷനെ (കെ.എസ്.സി.എ.ഡി.സി.) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.194/2025/CLAD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.165/2022/സാം.കാ.വ തീയതി 21.03.2022
2. കായംകുളം തോപ്പിൽ ഭാസി സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് 17.03.2025-ന് ചേർന്ന യോഗം

**<u>ഉത്തരവ്</u>**

കേരളത്തിന്റെ കലാ സാംസ്കാരിക മേഖലയ്ക്ക് നിസ്തുലമായ സംഭാവനകൾ നൽകിയ തോപ്പിൽഭാസിയുടെ ഓർമ്മക്കായി ആലപ്പുഴ ജില്ലയിൽ കായകുളം കൃഷ്ണപുരം സാംസ്കാരിക ക്യാമ്പസിൽ തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) വാസ്തുവിദ്യാ ഗുരുകലത്തിന് നൽകുന്നതിനായി സാംസ്കാരിക വകുപ്പിന് പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. വാസ്തുവിദ്യാ ഗുരുകലം അക്രഡിറ്റഡ് ഏജൻസി അല്ലാത്തതിനാൽ ടി പദ്ധതിയുടെ നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയായ കേരള തീരദേശ വികസന കോർപ്പറേഷനെ (കെ.എസ്.സി.എ.ഡി.സി.) ഏൽപ്പിക്കുകയും തുക സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. പരാമർശം (2) പ്രകാരം ചേർന്ന യോഗത്തിൽ കായംകുളം തോപ്പിൽ ഭാസി സ്മാരക നിർമ്മാണത്തിന്റെ പി.എം.സി. ആയി കേരള തീരദേശ വികസന കോർപ്പറേഷനെ (കെ.എസ്.സി.എ.ഡി.സി.) ചുമതലപ്പെടുത്തുന്നതിന് തീരുമാനമെടുത്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കായംകുളം തോപ്പിൽ ഭാസി സ്മാരക നിർമ്മാണത്തിന്റെ പി.എം.സി. ആയി കേരള തീരദേശ വികസന കോർപ്പറേഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനുവേണ്ട നടപടിക്രമങ്ങൾ പാലിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 26-03-2025 16:36:50
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു,സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സാംസ്കാരിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ ക്ക്